ആരംഭിക്കുവാൻ 7-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 249/2013/ പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. എന്നാൽ 2014-15-ലും 2015-16-ലും ഈ സ്കൂളുകൾക്ക് അനുമതി ലഭ്യമാക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട് MHRD-ക്ക് ശിപാർശ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. 2013-14 വർഷം എട്ടാം ക്ലാസ് ആരംഭിച്ച സ്കൂളുകളിൽ കുട്ടികളുടെ തുടർപഠനം ഉറപ്പു വരുത്തുന്നതിനായി 2014-15-ൽ ഒമ്പതാം ക്ലാസും 2015-16-ൽ പത്താം ക്ലാസും പ്രവർത്തിച്ചുവരികയാണ്. MHRD-യുടെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ തസ്തിക സൃഷ്ടിക്കുകയുണ്ടായില്ല. അതുകൊണ്ടുതന്നെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത 30 സ്കൂളുകളിലെ 9, 10 ക്ലാസുകൾക്ക് അംഗീകാരം നൽകിക്കൊണ്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം - 12, വയനാട് - 6, കാസർഗോഡ് - 3, പാലക്കാട് - 3, ഇടുക്കി - 6 എന്നിങ്ങനെയാണ് 30 സ്കൂളുകൾ വന്നിട്ടുള്ളത്. മലപ്പുറം ജില്ലയിലെ 12 സ്കൂളുകളിലും ഇപ്രകാരം അദ്ധ്യാപകരെ നിയമിക്കപ്പെട്ടുന്നതാണ്. കെട്ടിടം, ലാബ്, ലൈബ്രറി, ഫർണിച്ചർ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതാണ്.

8. അദ്ധ്യാപക നിയമനം.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : സർ, വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എറ്റവും പിന്നോക്കംനിൽക്കുന്ന ജില്ലയാണ് വയനാട്. യു.പി. തലത്തിലും ഹൈസ്കൂൾതലത്തിലും ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത് വയനാട് ജില്ലയിലാണ്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്ന സംസ്ഥാനത്താണ് ഇങ്ങനെയൊരു സ്ഥിതിയെന്നത് ഓർക്കണം. സെക്കന്ററിതലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനാണ് RMSA പദ്ധതി ആരംഭിച്ചത്. എന്നാൽ വയനാട് ജില്ലയിൽ RMSA സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇക്കാര്യം 9-12-2014-ൽ ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നതുമാണ്. 2013-ൽ വയനാട് ജില്ലയിലെ 5 സ്കൂളുകളെ ഈ പദ്ധതിയിലുൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തു. ഈ വർഷംതന്നെ സ്കൂളുകളിൽ പത്താം ക്ലാസ് ആരംഭിക്കുകയും ചെയ്തു. പദ്ധതി ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും സ്കൂളുകൾക്ക് MHRD-യുടെ അംഗീകാരം ലഭിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയോ ചെയ്യാൻ സാധിച്ചിട്ടില്ല. ആദിവാസികളുൾപ്പെടെ വളരെ താഴ്ന്ന വരുമാനമുള്ളവരുടെ കുട്ടികളാണ് ഈ സ്കൂളുകളിൽ പഠിക്കുന്നത്. ഒരു സ്കൂളിൽത്തന്നെ ഏകദേശം 9 തസ്തികകൾ വേണം. അതായത് ഹെഡ്മാസ്റ്റർ-1, എച്ച്.എസ്.എ.-4, പാർട്ട് ടൈം എച്ച്.എസ്.എ.-1, ക്ലാർക്ക്-1, മറ്റുരണ്ടുപേർ. നിലവിൽ പി.റ്റി.എ.-യും പഞ്ചായത്തും ചേർന്നാണ് ഇവർക്ക് വേതനം നൽകുന്നത്. വേതനം യഥാസമയം നൽകാത്തതിനാൽ അദ്ധ്യാപകർ ഒഴിഞ്ഞുപോവുകയാണ്. സർക്കാർ ഇക്കാര്യം വളരെ ഗൗരവമായെടുത്തു എന്നറിഞ്ഞതിലും 2013-14 വർഷം വയനാട് ഉൾപ്പെടെയുള്ള 5 ജില്ലകളിൽ തുടങ്ങിയ 30 RMSA സ്കൂളുകൾക്ക് 94 തസ്തികകൾ സൃഷ്ടിച്ച് കഴിഞ്ഞ ദിവസം ഉത്തരവ് ഇറക്കിയെന്നറിഞ്ഞതിലും വലിയ സന്തോഷമുണ്ട്. എന്നാൽ ഹെഡ്മാസ്റ്ററുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഓരോ ജില്ലയിലേക്കും എത്ര അദ്ധ്യാപകരെ നൽകണം എന്നത് സംബന്ധിച്ചും ഒരു വ്യക്തത വരുത്തണം. അതുപോലെ വയനാട് ജില്ലയിലെ RMSA സ്കൂളുകൾക്ക് ആവശ്യമായ അദ്ധ്യാപകരെ 14-7-2015-ലെ ഉത്തരവുപ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികയിൽനിന്നും നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, RMSA പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനായി 2013-14 വർഷം MHRD-യ്ക്ക് മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ച 30 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് വയനാട് ജില്ലയിലെ 6 സ്കൂളുകൾ. എന്നാൽ ഈ 30 സ്കൂളുകൾക്കും നാളിതുവരെ MHRD-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. RMSA-യുടെ 2013-14-ലെ വാർഷിക പദ്ധതിയിൽ 30 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് MHRD-ക്ക് പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ പ്രസ്തുത സ്കൂളുകളിൽ എട്ടാം ക്ലാസ് നിലവിലില്ല എന്ന കാരണത്താൽ അംഗീകാരം നൽകിയില്ല. ആയതിനാൽ സർക്കാർ ഈ 30 സ്കൂളുകളിലും എട്ടാം ക്ലാസ് ആരംഭിച്ചു പ്രവർത്തിക്കുന്നതിന് 7-9-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 249/2013/പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ 30 സ്കൂളുകളിൽ 2013-14 അദ്ധ്യയന വർഷം മുതൽ എട്ടാം ക്ലാസ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. എട്ടാം ക്ലാസ് ആരംഭിച്ച പ്രസ്തുത 30 സ്കൂളുകളുടെ അംഗീകാരത്തിനായി തുടർന്നും 2014-15, 2015-16 വർഷങ്ങളിലെ RMSA-യുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അപ്ഗ്രഡേഷന് ശ്രമിച്ചുവെങ്കിലും MHRD-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. എങ്കിലും എട്ടാം ക്ലാസ് പ്രവർത്തിക്കാൻ അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയതിന്റെ ഫലമായി 2014-15-ൽ ഒമ്പതാം ക്ലാസ്സും 2015-16-ൽ പത്താം ക്ലാസ്സും പ്രവർത്തിച്ചു വരികയാണ്. മതിയായ തസ്തിക സൃഷ്ടിക്കാത്തതിനാൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുവാൻ കഴിഞ്ഞിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 14-7-2015-ലെ ജി.ഒ.(എം.എസ്) നമ്പർ 187/2015/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂളുകളിലെ 9, 10 ക്ലാസുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ 6 സ്കൂളുകളാണ് ഇതിലുള്ളത്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള സ്കൂളുകളിൽ MHRD-യുടെ അംഗീകാരം ലഭിക്കുന്നതിനായി വീണ്ടും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ഓരോ സ്കൂളിനും ആവശ്യമായ ഹെഡ്മാസ്റ്റർ, മറ്റ് അദ്ധ്യാപകർ എന്നിവരെയൊക്കെ ഇപ്പോൾ ക്രിയേറ്റുചെയ്തിട്ടുള്ള പോസ്റ്റുകളിൽ നിയമിക്കാൻ ബന്ധപ്പെട്ട ഉപഡയറക്ടർമാർക്ക് അധികാരമുള്ളതിനാൽ അവർക്കത് ചെയ്യാവുന്നതാണെന്ന് ഉറപ്പുവരുത്തുന്നതാണ്.

9. ഗൾഫ് രാജ്യങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ സ്കൂൾ അനുവദിക്കൽ

ശ്രീ. അൻവർ സാദത്ത് : സർ, പല പരിപാടികളുമായി ബന്ധപ്പെട്ട് വിദേശത്ത് ചെല്ലുമ്പോൾ അവിടത്തെ പ്രവാസി മലയാളികൾ ആവശ്യപ്പെട്ട ഒരു പ്രധാന വിഷയമാണ് ഞാൻ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. എന്നോടു മാത്രമല്ല വിദേശത്ത് പോകുന്ന പല ജനപ്രതിനിധികളോടും വിദേശ മലയാളികൾ നിരന്തരം ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പ്രവാസി സമൂഹം. പൊള്ളുന്ന വെയിലിനേയും മറ്റ് കാലാവസ്ഥാ ബുദ്ധിമുട്ടുകളേയും അതിജീവിച്ച് അവർ നടത്തുന്ന കഠിനാധ്വാനത്തിലൂടെ ഒരു വർഷം നമുക്ക് 73000 കോടിയോളം രൂപയാണ് ലഭിക്കുന്നത്. വർഷങ്ങളോളം കുടുംബത്തിനും നാടിനും വേണ്ടി കഷ്ടപ്പെടുന്ന പ്രവാസി മലയാളികൾ, ഏതെങ്കിലും തരത്തിൽ കുടുംബത്തോടൊപ്പം നിൽക്കണമെന്ന് വിചാരിക്കുമ്പോഴും മക്കളുടെ വിദ്യാഭ്യാസം വെല്ലുവിളികളുയർത്തുന്നത് വലിയൊരു പ്രശ്നമാണ്. നമുക്ക് അവരെ സഹായിച്ചുകൂടേ? കുറഞ്ഞനിരക്കിൽ പ്രവാസി മലയാളികളുടെ മക്കളെ പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള സ്കൂൾ വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് നാടുകളിലെങ്കിലും ആരംഭിക്കാൻ സർക്കാർ തീരുമാനമെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നിലവിൽ മലയാളികളുൾപ്പെടെയുള്ളവർ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശ രാജ്യങ്ങളിലുമുണ്ട്. ഭൂരിഭാഗം മലയാളികളും വളരെ ഉച്ചമായ ശമ്പളത്തിലാണ് അവിടെ ജോലി ചെയ്യുന്നത്. അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly